സർക്കാർ താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി ആരംഭിക്കുന്നത്

79 (2354) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ താലൂക്ക് ആശുപത്രികളിലും കാഷ്വാലിറ്റി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇനിയും കാഷ്വാലിറ്റി ആരംഭിക്കാത്ത ഹോസ്പിറ്റലുകളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവു പ്രകാരം എല്ലാ സർക്കാർ താലൂക്ക് ആശുപത്രികളിലും കാഷ്വാലിറ്റി സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും കാഷ്വാലിറ്റി ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഉത്തരം എ-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി&ഡി) എല്ലാ താലൂക്കാശുപത്രികളിലും കാഷ്വാലിറ്റി സംവിധാനം ആരംഭിക്കണമെങ്കിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുമാണ്. ഇത് വമ്പിച്ച സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതാകയാൽ സമീപപ്രദേശത്തുള്ള മറ്റ് സർക്കാർ ആശുപത്രികളുടെ സൗകര്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടും, ജനങ്ങളുടെ/ജനപ്രതിനിധികളുടെ അഭ്യർത്ഥന പരിഗണിച്ചും നാഷണൽ ഹൈവേ/പ്രധാന റോഡുകൾ ഇവയുടെ സമീപത്തുള്ള താലൂക്കാശുപത്രികളിലാണ് ഇപ്പോൾ മുൻഗണനാക്രമത്തിൽ കാഷ്വാലിറ്റി സംവിധാനം അനുവദിച്ചുവരുന്നത്. ആയതിനാൽ എല്ലാ താലൂക്കുതല ആശുപത്രികളിലും കാഷ്വാലിറ്റി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly